ഭരണഭാഷ-മാതൃഭാഷ

**മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**മൃഗസംരക്ഷണ വകുപ്പ് - ഡയറക്ടറേറ്റ് - വികാസ് ഭവൻ, തിരുവനന്തപുരം**

**(ഹാജർ: Dr M C REJIL IAS)**

**മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ് - ജീവനകാര്യം - തിരുവനന്തപുരം - അസിസ്റ്റന്റ് ഫീൽഡ് ആഫീസർ, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് I തസ്തികകളിലെ ജീവനക്കാരെ സ്ഥലംമാറ്റി നിയമിക്കുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.**

| | |
|---|---|
| **നമ്പർ - AHD/3112/2025-K4** | **തീയതി:13-03-2026** |

പരാമർശം:

1) സ ഉ (പി) നം.3/2017/ഉ ഭ പ വ. തീയതി 25/02/2017

2) സ ഉ (സാധാ) നം.676/2024/എ എച്ച് ഡി. തീയതി 11/12/2024

3) മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 11/04/2025, 29/04/2025 തീയതികളിലെ AHD/4213/2024 – K4 നമ്പർ ഉത്തരവ്

4) മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 29/05/2025, 01/09/2025 തീയതികളിലെ AHD/3112/2025 – K4 നമ്പർ ഉത്തരവ്.

**ഉത്തരവ്**

സംസ്ഥാന സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റത്തിനും നിയമനത്തിനുമുള്ള മാർഗനിർദ്ദേശങ്ങളടങ്ങിയ പരാമർശം (1) സർക്കാർ ഉത്തരവും വകുപ്പിലെ വിവിധ തസ്തികകളിൽ ഓൺലൈൻ സ്ഥലംമാറ്റം നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നിശ്ചയിച്ചുകൊണ്ടുള്ള പരാമർശം (2) സർക്കാർ ഉത്തരവും പാലിച്ചുകൊണ്ട് വകുപ്പിലെ അസിസ്റ്റന്റ് ഫീൽഡ് ആഫീസർ, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് I തസ്തികകളിലെ ജീവനക്കാരുടെ 2024 വർഷത്തിലെ സംസ്ഥാനതല പൊതുസ്ഥലംമാറ്റം പരാമർശം (3) പ്രകാരം വകുപ്പ് നടപ്പിലാക്കിയിരുന്നു.

പരാമർശം (3) ലെ അന്തിമ പൊതുസ്ഥലംമാറ്റ ഉത്തരവിനോടൊപ്പം പരാമർശം (1) സർക്കാർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശപ്രകാരം "ക്യൂ" ലിസ്റ്റും പ്രസിദ്ധീകരിച്ചിരുന്നു. "ജീവനക്കാരുടെ അടുത്ത പൊതുസ്ഥലംമാറ്റത്തിനുള്ള ലിസ്റ്റ് നിലവിൽ വരുന്നതു വരെ എല്ലാ സ്ഥലംമാറ്റങ്ങളും "ക്യൂ" സമ്പ്രദായം പാലിച്ചുകൊണ്ട് "ക്യൂ" ലിസ്റ്റിൽ നിന്നും മാത്രം നടത്തേണ്ടതാണെന്നും, കൂടാതെ

പ്രൊമോഷൻ വഴി നികത്തേണ്ടതായ ഒഴിവുകൾ നികത്തേണ്ടത് ആദ്യം നിലവിലുള്ള ഒഴിവുകളിലേയ്ക്ക് ജീവനക്കാരെ സ്ഥലംമാറ്റി നിയമിച്ചുകൊണ്ടാണെന്നും പരാമർശം (1) ലെ ഖണ്ഡിക 1 (v), 10 (viii) എന്നിവയിൽ നിഷ്കർഷിച്ചിട്ടുണ്ട്. അപ്രകാരം പരാമർശം (4) പ്രകാരം സ്ഥലമാറ്റം നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത വ്യവസ്ഥകൾ പ്രകാരം നിലവിലുള്ള ഒഴിവുകളിലും സ്ഥലം മാറ്റം അനുവദിക്കേണ്ടതുണ്ട്.

മേൽ പരാമർശിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ, പരാമർശം (3) ലെ "ക്യൂ ലിസ്റ്റ്," ജീവനക്കാരുടെ അപേക്ഷകൾ എന്നിവ പരിശോധിച്ച്, പരാമർശം (1), (2) സർക്കാർ ഉത്തരവുകളിലെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ജില്ലകളിൽ നിലവിലുള്ള അസിസ്റ്റന്റ് ഫീൽഡ് ആഫീസർ, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് I തസ്തികകളിലെ ഒഴിവുകളിലേയ്ക്ക്, ചുവടെ പട്ടികയിൽ പരാമർശിച്ചിരിക്കും പ്രകാരം ജീവനക്കാരെ സ്ഥലംമാറ്റി നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേര്, തസ്തിക, PEN | നിലവിലെ സ്റ്റേഷൻ | സ്ഥലംമാറ്റം അനുവദിക്കുന്ന സ്റ്റേഷൻ | Remarks |
|---|---|---|---|---|
| 1. | Shaju N B, AFO, 263277 | VSC, Kunnathangady,Thrissur<br><br>(2nd option) | VSC CHETTUPUZHA<br><br>(1st option) | Queue list, SL No. 449<br><br>(Ref3) |
| 2. | Sreekumar K.S, LI Gr I, 230276 | VSC Elavathur,<br><br>Thrissur<br><br>(3rd option) | VSC ,KUNNATHANGADY,Thrissur (1st option) | Queue list, SL No. 675 (Ref3) |
| 3. | Leena George, LI Gr I, 668720 | VSC Edappuzha, Kannur | DISTRICT ANIMAL HUSBANDRY OFFICE, Wayanad | Compassionate Ground |
| 4. | Kailas.B, LI Gr I 637698 | VSC Velloor,<br><br>Kottayam | VD Padichira, Wayanad | Compassionate Ground |
| 5. | Kamarunnisha M.H, LI Gr I,588055 (On Leave) | RP Checkpost<br><br>Gopalapuram | Veterinary<br><br>Dispensary,<br><br>Kangarappady,<br><br>Ernakulam | |
| 6. | Nizam H, AFO,<br><br>227883 | Mobile Veterinary Hospital, Kottayam | VH Anchal,<br><br>Kollam | |
| 7. | Anilkumar D,<br><br>LI Gr I, 305514 | RP Checkpost<br><br>Kumily, Idukki | Mobile Veterinary Hospital, Kottayam | |
| 8. | Beena M, AFO, 227786 (On leave) | VH Anchal, Kollam | VSC Kattadimoodu, Kollam | |
| 9. | Manesh Kumar S.S, AFO, 227888 | VD Elakamon, TVM | VSC Mananakku,<br><br>TVM | |
| 10. | Praveen Lal A.L, LI Gr I, | ADCP (HQ), TVM | VSC Punnakkadu, TVM | |

| | | | | |
|---|---|---|---|---|
| 10. | [illegible] 638791 | ADCP (HQ), TVM | VSC [illegible], TVM | |
| 11. | Renjith Kumar T, AFO, 263119 (on leave) | VSC Nannattukavu, TVM | ADCP (HQ), TVM | |

ഈ ഉത്തരവ് പ്രകാരം സ്ഥലംമാറ്റിയിരിക്കുന്ന ജീവനക്കാരെ ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും, ടി ജീവനക്കാർ സ്ഥലംമാറ്റം ലഭിച്ചിരിക്കുന്ന സ്റ്റേഷനിൽ ജോലിയിൽ പ്രവേശിക്കുന്ന വിവരം അതത് ജില്ലാ മൃഗസംരക്ഷണ ആഫീസർമാർ യഥാസമയം ഡയറക്ടറേറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

Digitally signed by
Dr M C Rejil
Date: 13-03-2026
16:33:57

Dr M C REJIL IAS
**മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്

1) ഐ റ്റി ആഫീസർ - **വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്**
2) എല്ലാ ജില്ലാ മൃഗസംരക്ഷണ ആഫീസർമാർക്കും വകുപ്പ്തല ആഫീസർമാർക്കും **(തുടർനടപടികൾക്കായി)**
3) ബന്ധപ്പെട്ട ജീവനക്കാർക്ക് - **നിയന്ത്രണാധികാരി മുഖേന**
4) സെക്രട്ടറി, മൃഗസംരക്ഷണ (ഇ) വകുപ്പ്, സെക്രട്ടറിയേറ്റ് - അനക്സ് II, തിരുവനന്തപുരം **(അറിവിലേയ്ക്കായി )**
5) സി എ - ഡയറക്ടർ, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ **(അറിവിലേയ്ക്കായി)**
6) സ്റ്റോക്ക് ഫയൽ - കെ4 സീറ്റ്.